പത്രക്കുറിപ്പ്

## എം.എസ്.ഡബ്ല്യൂ. : സ്പോട്ട് പ്രവേശനം

2017-18 അക്കാദമിക വർഷം അഫിലിയേറ്റഡ് കോളജുകളിലെ എം.എസ്.ഡബ്ല്യൂ. പ്രോഗ്രാമിൽ ഒഴിവുള്ള മെരിറ്റ് സീറ്റുകളിലേക്ക് നേരത്തെ പ്രവേശനപരീക്ഷയെഴുതാത്ത വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി സ്പോട്ട് പ്രവേശനം നടത്തുവാൻ തീരുമാനിച്ചു. www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന എം.എസ്.ഡബ്ല്യൂ. വിജ്ഞാപനപ്രകാരം യോഗ്യതയുള്ളവർ പൂരിപ്പിച്ച അപേക്ഷയും യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും അപേക്ഷാഫീസും ലേറ്റ് ഫീസും അടച്ച രസീതുകളും സഹിതം സെപതംബർ 26 ന് (ചൊവ്വാഴ്ച) രാവിലെ 11 മണിക്ക് സർവ്വകലാശാലയിലെ ക്യാപ് സെല്ലിൽ ഹാജരാകണം. ഒഴിവുകൾ സംബന്ധിച്ച വിവരങ്ങളും മേൽ സൂചിപ്പിച്ച വെബ്സൈറ്റിലുണ്ട്.